# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് അംഗീകാരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2999. 13.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് പിഴ ചുമത്തി അംഗീകാരം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളിലെയും പഞ്ചായത്തുകളിലെയും അനധികൃത നിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നതിനായി യഥാക്രമം 15/2/18-ലെ ജി.ഒ.(പി) നം.11/2018/തസ്വഭവ, ജി.ഒ.(പി) നം.12/2018/തസ്വഭവ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭാവിയിൽ അനധികൃത കെട്ടിടങ്ങൾക്ക് പ്ലാനും, സ്കെച്ചും തയ്യാറാക്കി നൽകുന്ന ആർക്കിടെക്ടുമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | തെറ്റായ വിവരങ്ങൾ നൽകിയിട്ടുള്ള പ്ലാൻ സാക്ഷ്യപ്പെടുത്തുന്ന Licensee/Structural Engineer എന്നിവരെ സംസ്ഥാനത്തൊട്ടാകെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് ക്രമവൽക്കരണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തെറ്റായ വിവരങ്ങൾ നൽകുകയോ, ചട്ടങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന ലൈസൻസിയുടെ, ടിയാൻ ചെയ്ത ലംഘനത്തിന്റെ വ്യാപ്തിയനുസരിച്ച്, രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ഭാവിയിൽ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും അയോഗ്യരാക്കുകയോ ചെയ്യുമെന്നും ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, ലൈസൻസ് ആർക്കിടെക്റ്റ് ആണെങ്കിൽ Architects (Pfofessional Conduct) Regulations 1989-ന് അനുസൃതമായി ടിയാനെതിരെ Council of Architecture-ൽ നടപടി ശുപാർശ ചെയ്യുമെന്നും ഇത്തരം ലൈസൻസിമാരുടെ ഫോട്ടോ സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം, നഗരഗ്രാമാസൂത്രണ വകുപ്പ്, തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ വകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും പ്രസ്തുത ക്രമവത്ക്കരണ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | അനധികൃത കെട്ടിടങ്ങൾക്ക് പിഴ ചുമത്തുന്നതിലൂടെ എത്ര കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കണക്കാക്കിയിട്ടില്ല. |
| (ഡി) | ഇത്തരം ക്രമവൽക്കരണം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് പ്രോത്സാഹനമാകുമെന്ന് വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ